# റമദാൻ ഡയറി - 3

ഭാവന ● അഹ്മദ് ബഹ്ജത്

**ഞാൻ** ഇബ്‌ലീസിനെ തന്നെ നിരീക്ഷിച്ചുകൊണ്ടിരുന്നു. ഒന്നുകൂടി സുഖിച്ചിരുന്ന് ഇബ്‌ലീസ് സ്വന്തം വീട്ടിലെന്നപോലെ പെരുമാറാൻ തുടങ്ങി. കാലിന്മേൽ കാൽ കയറ്റിവെച്ച് കൈ രണ്ടും നെഞ്ചിൽവെച്ച് ദുഃഖം കലർന്ന നോട്ടത്തോടെ എന്നെക്കുറിച്ചുള്ള ആലോചനയിൽ മുഴുകി. മനുഷ്യന് പിടികിട്ടാത്ത ഒരുമാതിരി വിചിത്രമായ ദുഃഖം!

ഇബ്‌ലീസ് എന്ന ഈ സൃഷ്ടി ബഹുവിചിത്രം തന്നെ! നന്മയും തിന്മയും ചെയ്യും എന്നതാണ് മനുഷ്യസ്വഭാവം. അവൻ ശ്രേഷ്ഠകർമങ്ങളും ദുഷ്ടകൃത്യങ്ങളും ചെയ്യും. എന്നാൽ ഇബ്‌ലീസിന്റെ കാര്യം ഏകമുഖമാണ്. തിന്മയുമായി മാത്രം പൊരുത്തപ്പെടുന്ന മുരടൻ പിന്തിരിപ്പന്മാരാണ് അവനും അവന്റെ വർഗവും. ദുഷ്ടത എത്ര പാരമ്യത്തിലെത്തിയാലും, ദൈവഭയത്താൽ ഒരുദിനം ഞാൻ കരഞ്ഞുപോയി എന്ന് പറയാൻ മനുഷ്യപുത്രന് കഴിയും. എന്നാൽ ഒറ്റ നന്മയും എടുത്തു പറയാൻ ഇബ്‌ലീസിനു കഴിയില്ല.

ആലോചനകളൊക്കെ തലച്ചോറിൽ പൂഴ്ത്തിവെച്ചുകൊണ്ട് ഞാൻ ഇബ്‌ലീസിനോട് ചോദിച്ചു: "എങ്ങും തിന്മ പടർന്ന് പിടിച്ചിരിക്കുന്നുവെന്നാണ് ഇക്കാലത്ത് ജനസംസാരം. ഈ തിന്മ എന്ന് പറയുന്നത് കൂടുകയും കുറയുകയും ചെയ്യുമോ?"

"തിന്മ ഡിമാന്റ്-സപ്ലൈ നിയമത്തിന് വിധേയമാണ്." ഇബ്‌ലീസ് വിശദീകരിച്ചു: "ചിലപ്പോൾ കൂടും. ചിലപ്പോൾ കുറയും. തിന്മ പെരുകുന്നുവെന്ന് എല്ലാ കാലത്തും സംസ്കരണരംഗത്ത് പ്രവർത്തിക്കുന്നവർ പറയുന്ന ഒരു പതിവ് പയ്യാരമാണ്. എന്നാൽ തിന്മ ക്ഷയിക്കുന്നു എന്നതാണ് അധർമികളുടെ പരാതി. രണ്ടും തെറ്റാണ്."

"തിന്മ പെരുകാൻ നീ കഠിനാധ്വാനം ചെയ്യുന്നുണ്ടല്ലേ? നിന്റെ ദൗത്യം അതല്ലേ?"

"ഞങ്ങൾ ഞങ്ങളുടെ കൈയിലുള്ള ചരക്ക് സമർപ്പിക്കുന്നു. ദൈവനിഷേധം, ബഹുദൈവത്വം, കാപട്യം, വ്യാജം, മോഷണം, കൈക്കൂലി, ഫാഷൻ...... അങ്ങനെ എല്ലാ തിന്മകളും. ഞങ്ങളുടെ പക്കലുള്ള ഈ വക ചരക്കുകൾ മുന്നോട്ടു വെക്കുമ്പോൾ അതിലൊക്കെ ഒരു വൈവിധ്യവൽക്കരണം ദീക്ഷിക്കാറുണ്ട്. എന്നാൽ ഒരാളിലും ഞങ്ങൾ നിർബന്ധം ചെലുത്താറില്ല. ജനത്തിനുമേൽ ഒരു അധികാരവും ഞങ്ങൾക്കില്ല. ഞങ്ങളുടെ പിതാവ് ആദിയിലേ പറഞ്ഞിട്ടുണ്ട്, നിങ്ങളുടെ മേൽ എനിക്ക് ഒരു അധികാരവുമില്ല. ഞങ്ങൾ നിങ്ങളെ ക്ഷണിക്കുന്നു. നിങ്ങൾ ഉത്തരമോതുന്നു. അത്രമാത്രം. ഞങ്ങൾ ക്ഷണിക്കുന്നു. നിന്നെപ്പോലുള്ളവർ ഞങ്ങൾ സമർപ്പിക്കുന്നത് കൈനീട്ടി സ്വീകരിക്കുന്നു. അവസരമൊരുക്കുക എന്നതാണ് ഞങ്ങളുടെ ഡ്യൂട്ടി."

"അവസരമൊരുക്കുന്നതിനെ കുറിച്ച് പറഞ്ഞപ്പോഴാണ് വേറൊരു വിഷയം ഓർക്കുന്നത്. സ്ത്രീപുരുഷന്മാർക്ക് അവസരമൊരുക്കിക്കൊടുക്കുന്ന ആ വേല തന്നെ."

"നിന്റെ ബുദ്ധി സത്യത്തിൽ പിന്നാക്കാവസ്ഥയിൽ തന്നെ. സ്ത്രീ വിഷയത്തിൽ കറങ്ങുകയാണല്ലോ അത്. വൈകാരികവും ബുദ്ധിപരവുമായ പിന്നാക്കാവസ്ഥയുടെ ലക്ഷണമാണത്. നേരത്തെ സൂചിപ്പിച്ച സ്ഥിരതയില്ലാത്തവരുടെ റാങ്കിൽപെട്ട സാത്താന്മാരുടെ തൊഴിലാണ്. തരംതാണവിഷയം."

"നിനക്ക് താൽപര്യമില്ലാത്ത വിഷയമായിരിക്കാം. എന്നാൽ എനിക്ക് താൽപര്യമുള്ള വിഷയമാണ്." ഞാൻ ചോദിച്ചു: "എന്താ, അത് സംസാരിക്കുന്നതിനു വിരോധമുണ്ടോ?"

"ഹേയ്, ഒട്ടുമില്ല."

"സ്ത്രീകളാണോ പുരുഷന്മാരാണോ ഉത്തരവാദികൾ? എന്താണ് നീ കരുതുന്നത്?"

"നിനക്കറിയാമോ?" ഇബ്‌ലീസ് ഇടപെട്ടു: "ചിലപ്പോൾ മനുഷ്യപുത്രന്റെ കാപട്യം കാണുമ്പോൾ എനിക്ക് അത്ഭുതം തോന്നും. എല്ലാ പാപങ്ങളും ഞങ്ങളുടെ, അല്ലെങ്കിൽ പെണ്ണുങ്ങളുടെ ചുമലിൽവെച്ച് മായ്ച്ചുകളയാനുള്ള അവന്റെ ആ മിടുക്കുണ്ടല്ലോ. പുത്രൻ വലുതാകുമ്പോൾ പിതാവ് പറയും: എടാ ചെറുക്കാ, ഏതെങ്കിലും ബാല്യക്കാരിയുടെ പിന്നാലെ കൂടി ഉളുമ്പുസനാകല്ലേ. അതേ ആൾ മകളോട് പറയുക ഇങ്ങനെയാണ്: പെണ്ണേ, ആരോടെങ്കിലും സംസാരിക്കുകയോ ജനലിലൂടെ നോട്ടമെറിയുകയോ ചെയ്യുന്നത് കണ്ടാൽ ഞാൻ നിന്നെ അറുത്തെറിയും. ആണ് പാപം ചെയ്താൽ സമൂഹത്തിന്റെ ദൃഷ്ടിയിൽ അവൻ സാഹസികൻ. പെണ്ണെങ്ങാനം ഒരു തെറ്റു ചെയ്തെന്നിരിക്കട്ടെ, തീർന്നു കഥ. പിന്നെ സമൂഹത്തിൽ അവളുടെ നിലവാരമിടിഞ്ഞു! ആണ് കല്യാണംകഴിച്ചാൽ പിന്നെ അവന് എന്തുമാവാം. അതേസമയം പെണ്ണ് എപ്പോഴും ഭർത്താവിനോട് കൂറുപുലർത്തി കഴിയേണ്ടവൾ. പുരുഷന്റെ തെറ്റുകൾ അനുവദനീയം. പെണ്ണിന്റെ തെറ്റുകൾ ഹറാം. ഇതാണ് പിന്നാക്ക സമൂഹങ്ങളുടെ അവസ്ഥ."

"നീ ഇപ്പോൾ ഒരു പെണ്ണിനെ പോലെ പെണ്ണുങ്ങൾക്കുവേണ്ടി വക്കാലത്തേറ്റെടുത്തിരിക്കുകയാണല്ലേ?" - ഞാൻ

ചോദിച്ചു.

"നീ എന്നെപ്പറ്റി ധരിച്ചിരിക്കുന്നത് തെറ്റാണ്. ഞാൻ ആർക്കുവേണ്ടിയും വക്കാലത്തെടുക്കുന്നില്ല. ആണും പെണ്ണും എനിക്ക് ശത്രുക്കളാണ്. എന്താണെന്നു വെച്ചാൽ സാത്താന്റെ ആയുസ്സ് പുരോഗമിക്കുമ്പോൾ പുതിയ ചിലതിൽ അവന് കൈവെക്കേണ്ടിവരും. ഞങ്ങളെ വിഭ്രമിപ്പിക്കുന്ന ഈ കാപട്യം തന്നെയാണു അതിന്റെ ഉദാഹരണം."

"നിനക്ക് തൊഴിലിൽ തൃപ്തി പോരെന്ന് തോന്നുന്നല്ലോ?'' ഞാൻ ചോദിച്ചു: ''ഒരു രസവുമില്ലേ ഈ ജോലിയിൽ?"

"തൊഴിൽ എവിടെയാണെങ്കിലും തൊഴിൽതന്നെ." ഇബ്‌ലീസ് പറഞ്ഞു: "ഉത്തരവാദിത്വങ്ങൾ, ക്ലേശങ്ങൾ. ഒരു ആണിനെ വണങ്ങാൻ വിസമ്മതിച്ചു എന്നതാണ് എന്റെ ദുരന്തം. അതോടെ അവന്റെ പിന്നിൽ നടക്കലായി എന്റെ വിധി. അതല്ലാതെ മറ്റൊരു വഴിയും എനിക്കില്ലാതെയായി. ഇതിനേക്കാൾ വലിയൊരു ദുരന്തമുണ്ടോ?"

"ആദാമിനെ അങ്ങ് മറന്നു കളഞ്ഞേക്കരുതോ?"

"മറക്കാനോ?" ഇബ്‌ലീസ് ചൊടിച്ചു. "നിനക്കെന്താ ഭ്രാന്തുണ്ടോ? കാലം ചെല്ലുന്തോറും ആ സംഭവം എന്റെ മനസ്സിൽ മൂടുറക്കുകയാണ്. മനസ്സിലെ വേദന കൂടിക്കൂടി വരുന്നു. ദൈവകാരുണ്യത്തിൽ ഒരു പ്രതീക്ഷയുമില്ലാത്ത സൃഷ്ടിയാണു ഞാൻ. ദൈവകാരുണ്യത്തെക്കുറിച്ചുള്ള ഈ നിരാശാ ചിന്ത എന്റെ പ്രതികാര സിദ്ധികളുടെ കെട്ടഴിച്ചുവിടുന്നു."

"പ്രതികാരമല്ലാതെ മറ്റൊരു ചിന്തയും നിനക്കില്ലേ? മറ്റേതെങ്കിലും വിനോദം കണ്ടെത്തി അതിൽ വ്യാപൃതനായി ഞങ്ങളെ പാട്ടിന് വിട്ടുകൂടേ?"

"വിനോദം... ഒരു വിനോദം തേടുക? രാഷ്ട്രീയമാണു എന്റെ ഹോബി. എല്ലാ ധാരകളോടും കൂടിയ രാഷ്ട്രീയത്തിന്റെ ലോകമാണു എന്റെ വിനോദം. കെന്നഡി വധം ഞാൻ പങ്കെടുത്ത രാഷ്ട്രീയ പ്രവർത്തനമായിരുന്നു. അമേരിക്കൻ വ്യവസായ മേഖലയിലെയും രഹസ്യപ്പോലീസിന്റെയും ചാര സംഘങ്ങളുടെയും ഒട്ടേറെ സ്ഥാപനങ്ങളോടു കൂട്ടു കൂടിയാണ് ഞാൻ കെന്നഡിയെ കൊന്നത്."

"അതല്ല ഞാൻ ഉദ്ദേശിച്ചത്. ഞങ്ങളെ ഒഴിവാക്കി മറ്റേതെങ്കിലും വിനോദം കണ്ടെത്തരുതോ എന്നാണ്."

"മനുഷ്യനാണ് ഒരേസമയം എന്റെ തൊഴിലും വിനോദവും."

"ശ്രീമാൻ ഇബ്‌ലീസ്! ഞങ്ങളുടെ പിതാവ് ആദാമിനെ വണങ്ങാൻ വിസമ്മതിച്ചത് പൂർവനിശ്ചിതമാണെന്ന് എപ്പോഴെങ്കിലും ചിന്തിച്ചിരുന്നോ?"

"ദുരന്തത്തിന്റെ മറുവശം അല്ലേ? അതായത് ആ ശാപം?"

"മനസ്സിലായില്ലല്ലോ!"

"അതു തന്നെയാണ് ഇക്കണ്ട നേരമത്രയും ഞാൻ ചിന്തിച്ചുകൊണ്ടിരുന്നത്. സാഷ്ടാംഗം ചെയ്യാൻ ഞാൻ വിസമ്മതിക്കുമെന്ന് ദൈവത്തിന്നറിയാമായിരുന്നു. ഞാൻ കലർപ്പറ്റ തിന്മയിലേക്ക് പരിണമിക്കുമെന്നും. എന്താണ് സംഭവിക്കുക എന്ന് ദൈവം അറിയുമെന്ന് എനിക്ക് മുൻകൂട്ടി അറിയുമായിരുന്നെങ്കിൽ എന്റെ നടപടി ചിലപ്പോൾ മറ്റൊരു രൂപത്തിലായി കൂടായ്കയില്ല. എന്റെ മനസ്സിലിരുപ്പ് ദൈവത്തിനറിയാം. ദൈവം കരുതിവെച്ചത് എന്താണെന്ന് എനിക്കൊട്ടറിയുകയുമില്ല. അതായിരുന്നു ദുരന്തം."

"ദൈവത്തെപ്പറ്റിക്കാമെന്ന് നീ സ്വപ്നം കണ്ടിരുന്നോ?" ഞാൻ ചോദിച്ചു.

"ആയിരം വർഷം അവനെ ഞാൻ ആരാധിച്ചു. അങ്ങനെ ഞാൻ മാലാഖമാരുടെ നിരയിലെത്തി. ഇതിലൂടെ അവനെപ്പറ്റിക്കാമെന്ന് ഞാൻ ധരിച്ചുപോയി. അതൊരു തെറ്റിദ്ധാരണയായിരുന്നു. അവനെ ഉപാസിക്കുമ്പോൾ എന്റെ മനസ്സിനകത്ത് അഹന്തയുടെയും പ്രദർശനാത്മകതയുടെയും ഒരു നൂൽ പതിഞ്ഞ് കിടക്കുന്നുണ്ടായിരുന്നു. ഞാൻ അവനെ ഉപാസിക്കുന്നത് എനിക്ക് സ്ഥാനം നേടാനാണെന്ന് അവന്നറിയാമായിരുന്നു. അവനു വേണ്ടിയായിരുന്നില്ല ഞാനവനെ ഉപാസിച്ചിരുന്നത്. ആരാധനയിൽ മുഴുകിയാൽ വലിയ പദവിയും പത്രാസും കിട്ടുമെന്ന് ഞാൻ കരുതി. എന്റെ ഈ മനസ്സിലിരിപ്പ് എന്റെ പെമ്പ്രന്നോൾക്ക് പോലും പിടിയില്ലായിരുന്നു. ഏറ്റവും അടുത്ത സുഹൃത്തുക്കൾക്കു പോലും അതറിയില്ലായിരുന്നു. പിന്നെങ്ങനെയാണാവോ പടച്ച തമ്പുരാൻ അതറിഞ്ഞത്!"

"ഹവ്വായെ നീ കബളിപ്പിച്ചു. വിലക്കപ്പെട്ട വൃക്ഷക്കനി രുചിക്കാൻ ആദാമിൽ പ്രേരണ ചെലുത്തിയതായി കഥകളിൽ കേട്ടിട്ടുണ്ട്."

"എനിക്ക് ഹവ്വായെ അറിയില്ല. ഞാൻ തന്നെയാണ് ആദാമിനെ ബോധ്യപ്പെടുത്തി വലയിൽ വീഴ്ത്തിയത്."

"എങ്ങനെ?"

ചോദ്യരൂപത്തിൽ ഞാൻ അവന്റെ മനസ്സിലേക്ക് ഒരു തരംഗം എയ്തു: "എന്തിനാണ് ഈ വൃക്ഷക്കനി തിന്നുന്നതിൽനിന്ന് ദൈവം നിന്നെ വിലക്കിയിരിക്കുന്നത്? നീ ആ കനി തിന്നെന്നു വെച്ച് ആർക്ക് എന്ത് ദോഷം? നിനക്ക് എന്തെങ്കിലും പറ്റുമോ? ആ വൃക്ഷത്തിന് എന്തെങ്കിലും ന്യൂനത സംഭവിക്കുമോ?"

"എന്നിട്ട്?" – ഞാൻ ജിജ്ഞാസുവായി.

"ഒരു എന്നിട്ടുമില്ല, മുന്നിട്ടുമില്ല. ആദാമിന്റെ ബുദ്ധി മനുഷ്യബുദ്ധിയാണല്ലോ. അവൻ ചിന്തിക്കാനും സ്വയം ചോദിക്കാനും അമ്പരക്കാനും തുടങ്ങി. അങ്ങനെ പാകമായെന്ന് കണ്ടപ്പോൾ ഞാൻ അവനോട് പറഞ്ഞു: പഴം തിന്നരുതെന്ന് എന്തിനാണ് ദൈവം പറഞ്ഞതെന്നറിയുമോ? അത് തിന്നാൽ നീ നിത്യജീവനുള്ള രാജാവായിത്തീരും. അത് തടയാനാണ് പഴം വിലക്കിയിരിക്കുന്നത്."

"എന്നിട്ട് ആദാം അത് വിശ്വസിച്ചോ?" ഞാൻ ചോദിച്ചു.

"ആദാമിന്റെ ഒരു ബലഹീനത എന്താണെന്നുവെച്ചാൽ, അവൻ ആദാം ആയിപ്പോയി എന്നതു തന്നെയാണ്. അവന്റെ പ്രകൃതം കളിമൺ പദാർഥത്താൽ നിർമിതമാണ്; ആത്മാവാണെങ്കിൽ ദൈവത്തിങ്കൽനിന്നുള്ള ഒരു ഊത്താണ്. മണ്ണും ദൈവികമായ ഗാംഭീര്യവും തമ്മിലുള്ള സംഘട്ടനം ഒരിക്കലും അവസാനിക്കുന്നില്ല. ദൈവികതയുടെ ഗാംഭീര്യസ്വഭാവം എപ്പോഴും മണ്ണിനെ പരാജയപ്പെടുത്തിക്കൊള്ളണമെന്നില്ല. ഏതെല്ലാം കിടിലൻ പോർമുഖങ്ങളിലൊക്കെയാണ് ഈ മൺസ്വരൂപം പ്രവേശിക്കുന്നത്. എന്നിട്ട് പ്രപഞ്ചത്തിലെ മൂല്യങ്ങൾക്കെതിരെ വൈജയന്തി പറപ്പിക്കും. ഇവിടെയാണ് എന്റെ ദൗത്യം."

"ദൈവം വൃക്ഷം വിലക്കിയത് താൻ ഒരു മലക്കാകാതിരിക്കാനോ സ്വർഗത്തിൽ നിത്യവാസിയാകാതിരിക്കാനോ ആണെന്ന് ആദാം വിശ്വസിച്ചോ?"

"പിന്നല്ലാതെ." ഇബ്‌ലീസ് പറഞ്ഞു: "ആദാം അത് വിശ്വസിച്ചു. മനുഷ്യനല്ലേ ആദാം! അവന്റെ ഒന്നാമത്തെ കുഴപ്പം എന്താണെന്നറിയുമോ? മരണം വിധിക്കപ്പെട്ട സൃഷ്ടിയാണെന്നതാണ്. അതിനാൽ നിത്യതക്ക് വേണ്ടിയുള്ള അവന്റെ ദാഹം അപാരമാണ്. മണ്ണിൽനിന്നാണ് അവന്റെ സൃഷ്ടി എന്നു പറഞ്ഞല്ലോ. മാലാഖമാരെ സൃഷ്ടിച്ച വെളിച്ചമായി പരിണമിക്കാൻ അവൻ ആശിച്ചുപോകും. അവന്റെയൊരു കുഴപ്പമാണത്. അത

വന്റെ മറ്റൊരു ആസക്തി.”

''അതു കൊണ്ടെന്താ?'' ഞാൻ ചോദിച്ചു.

“എന്താണെന്നോ? ഒട്ടും സംശയിക്കാതെ കേട്ടത് അവൻ അപ്പടി വിശ്വസിക്കും. ചിലപ്പോൾ ഒന്ന് ചാഞ്ചല്യപ്പെട്ടെന്ന് വരാം.... ഒരു ചിന്ത..... ഒരു ഭയം.... മനസ്സിൽ ചിലപ്പോഴൊക്കെ സംഘർഷത്തിന്റെ തീപാറും. പക്ഷേ, ഒടുവിലവന് വൃക്ഷത്തെ രുചിക്കാതെ വഴിയില്ല. അനുസരിക്കാനും ധിക്കരിക്കാനും സൃഷ്ടിക്കപ്പെട്ടവനാണ് ആദം. എന്നാൽ മലാഖമാർ സൃഷ്ടിക്കപ്പെട്ടത് ദൈവത്തെ അനുസരിക്കാൻ വേണ്ടി മാത്രമാണ്; എന്നെ സൃഷ്ടിച്ചത് ധിക്കരിക്കാൻ വേണ്ടി മാത്രം. ആരാധനകളുടെ എന്റെ മുൻകാല റിക്കാർഡുകൾപോലും തിന്മയിലാണ് വരവു വെക്കപ്പെടുക. അത് ജനത്തെ കാണിക്കാനുള്ള, ലോകമാന്യതക്ക് വേണ്ടി മാത്രമുള്ള കർമങ്ങളായിരുന്നു. സർവവും ശാപത്തിന്നിരയാകട്ടെ.”

''എന്തിനാണു നീ സർവത്തിനെയും ശപിക്കുന്നത്?” ഞാൻ ചോദിച്ചു.

“ആകാശ ലോകത്തുനിന്ന് ഞാൻ പുറംതള്ളപ്പെട്ടകാലം മുതൽക്കേ ശീലിച്ചു പോയ ഒരു ശീലമാണത്. ശാപം വ്യാപിപ്പിക്കാനാണ് ഞാൻ പറുദീസയിൽനിന്ന് പുറത്താക്കപ്പെട്ടത്. അതിന്റെയൊരു പ്രത്യാഘാതമെന്നോണം ശാപം പരത്തിക്കൊണ്ടിരിക്കുകയാണു ഞാൻ.”

“ചിത്രങ്ങളിൽ നീ പ്രത്യക്ഷപ്പെടുന്നത് കൊമ്പും കുളമ്പുമായിട്ടാണല്ലോ. കോക്രിച്ച മുഖവുമൊക്കെ. എന്തുകൊണ്ടാണത്?” ഞാൻ ചോദിച്ചു.

“അതെന്റെ ചിത്രമല്ല. ആദാമിന്റെ മക്കളുടെ ചിത്രം തന്നെയാണത്. മനുഷ്യപുത്രന്മാരിൽ ചിലരുടെ മനസ്സിന്റെ ചിത്രം. നോക്കിയേ, എനിക്ക് കൊമ്പോ കുളമ്പോ കാണുന്നുണ്ടോ?

“തീർച്ചയായും ഇല്ല” – ഞാൻ പറഞ്ഞു. “ഒന്ന് ചോദിച്ചാൽ ബാലിശമെന്ന് കരുതുമോ? എന്താണു നിന്റെ സ്വപ്നങ്ങൾ?”

“സ്വപ്നങ്ങളോ? ആ വാക്കിന്റെ അർഥം എനിക്കറിഞ്ഞു കൂടാ.”

“അതായത് നിന്റെ ആഗ്രഹങ്ങൾ” – ഞാൻ വിശദീകരിച്ചു.

“എനിക്ക് ആഗ്രഹങ്ങളൊന്നുമില്ല.”

“നരകത്തിലാണ് ആഗ്രഹങ്ങളൊന്നുമില്ലാത്തത്.”

“സഹസ്രാബ്ദങ്ങളായി നരകത്തിൽ തന്നെയാണു ഞാൻ. ഞങ്ങൾ സാത്താന്മാരും നിങ്ങളും തമ്മിലുള്ള ഒരു വ്യത്യാസം അതാണ്. നിങ്ങളിൽ ചിലർ എല്ലാ തെറ്റും പാപവും കുഴപ്പങ്ങളും വരുത്തിവെക്കും. എന്നിട്ട് ഇതുപോലൊരു റമദാൻ നാളിൽ കരഞ്ഞു ദൈവത്തിലേക്കു മടങ്ങും. ദൈവം നിങ്ങളുടെ പശ്ചാത്താപം കൈക്കൊള്ളും. ഞങ്ങൾ പണിയെടുത്തതൊക്കെ വെള്ളത്തിലുമാകും. കൊല്ലം മുഴുവൻ കഠിനാധ്വാനം ചെയ്ത് ഞങ്ങളുണ്ടാക്കിയത് റമദാനിലെ അവസാനത്തെ പത്തിൽ എത്ര എളുപ്പമാണു നിങ്ങൾ പൊളിച്ചു കൈയിൽ തരുന്നത്!”

“നീ ഒരിക്കലും കരഞ്ഞിട്ടില്ലേ?”

“ഒരു തുള്ളികണ്ണീരിന് എന്റെ സാമ്രാജ്യത്തിന്റെ പാതി നൽകാൻ ഞാൻ തയാറാണ്. കരയുക എന്നാൽ പശ്ചാത്തപിക്കുക എന്നാണർഥം. പശ്ചാത്താപത്തിന്റെ കവാടം ഞങ്ങളുടെ മുമ്പിൽ എന്നെന്നേക്കുമായി അടഞ്ഞു കിടക്കുകയാണ്. ഞങ്ങളുടെ മുത്തഛൻ ഇബ്‌ലീസ് –ലഅനത്തുല്ലാഹി അലൈഹി– ആ വാതിലടച്ചു കളഞ്ഞു?”

“ഇത്ര ലാഘവത്തിൽ മുത്തഛന്റെ മേൽ ശാപവർഷം നടത്തുകയോ?”

“അതാണ് ഞങ്ങളുടെ പതിവ്. മരിച്ചവരെപ്പറ്റി ഞങ്ങൾ 'യൽഅനുല്ലാഹ്' (ദൈവം ശപിക്കട്ടെ) എന്ന് പറയും. 'യർഹമുല്ലാഹ്' (ദൈവം കരുണ ചെയ്യട്ടെ) എന്ന് നിങ്ങൾ പറയുന്നതുപോലെ.”

“ലോകത്ത് നിനക്ക് ഏറ്റവും ദേഷ്യമുള്ള മനുഷ്യനാരാണ്?”

“അബൂ നുവാസ്* (അലൈഹില്ല അ്ന) ജീവിതം ഞങ്ങൾ പങ്കിട്ടെടുത്തതാണ്. എന്നിട്ടും രണ്ട് വരി കവിതകളിലൂടെ അയാളെന്നെ കൊച്ചാക്കി കളഞ്ഞു.”

അബൂ നുവാസ് ഇബ്‌ലീസിനെക്കുറിച്ച് പാടിയത് ഞാൻ ഓർത്തെടുത്തു:

عجبت من ابليس فى تيهه
وسوء ما أظهر من نيّته
تاه على آدم فى سجدة
وصار قوادا لذريته

“ഇബ്‌ലീസിന്റെ മാർഗച്യുതിയും ദുരുദ്ദേശ്യവും വിസ്മയകരം. ആദാമിന് സാഷ്ടാംഗം ചെയ്യാതെ ജീവിതം പാഴാക്കി. എന്നിട്ടോ, അവന്റെ സന്തതികൾക്ക് കൂട്ടിക്കൊടുപ്പുകാരനായിത്തീരുകയും ചെയ്തു.”

ചിരിച്ചുകൊണ്ട് ഞാൻ പറഞ്ഞു: “ആളൊരു രസികൻ തന്നെ.”

''ഹും, രസികൻ!'' ഇബ്‌ലീസ് ഇളിച്ചു കാട്ടി. “ഇങ്ങനെയൊരു മൊശകോടൻ വേറെയുണ്ടാകുമോ? ഞാൻ അയാൾക്കുവേണ്ടി എന്തെല്ലാം ചെയ്തതാണ്!”

“ജറൂസലമിലെ അഖ്സാ പള്ളിക്ക് തീ കൊടുത്തപ്പോൾ നിനക്ക് എന്താണു തോന്നിയത്?”

“ഞാൻ ഒരു കോപ്പ മദ്യം മോന്തി. ഒരു സിഗരറ്റിന് തീ കൊളുത്തി.'' തെല്ലൊന്ന് ആനന്ദിച്ചു... പള്ളികൾക്കെതിരെ ഞങ്ങളുടെ പൊതുതത്വമാണത്.”

“ചന്ദ്രനിലിറങ്ങിയവരെ കുറിച്ചു എന്താണഭിപ്രായം?”

“സുഹൃദ് നാഗരികതയുടെ സന്തതികളാണവർ. ഞങ്ങളെപ്പോലെ തന്നെ പദാർഥത്തിൽ വിശ്വസിക്കുന്നവർ. എന്നാൽ എനിക്ക് മനസ്സിലാകാത്തത്, ചന്ദ്രനിലിറങ്ങിയതിനെച്ചൊല്ലി എന്തിനാണിത്ര കോലാഹലമെന്നാണ്. എന്റെ ഇളം കുഞ്ഞ് പോലും ചന്ദ്രനിൽ പോയി ദിവസവും കണ്ണ് കെട്ടിക്കളി കളിക്കുന്നുണ്ട്.”

“നിന്റെ ഏറ്റവും വലിയ സാഹസകൃത്യമേതാണ്?”

''ജനങ്ങളുടെ മുന്നിൽ ദൈവത്തിന്റെ തെറ്റായ ചിത്രം അവതരിപ്പിക്കലാണ് ഞങ്ങളുടെ അടിസ്ഥാന ജോലി. അതായത് ദൈവത്തിന്റെ കാരുണ്യത്തിൽ ജനങ്ങൾക്ക് നൈരാശ്യമുണ്ടാക്കുക. മതത്തോടു കുട്ടികൾക്ക് നീരസമുണ്ടാകും വിധം ദുഷ്കരമായ രീതിയിൽ അവരെ മതം പഠിപ്പിക്കുമ്പോഴാണ് എന്റെ ആത്മ സാക്ഷാത്കാരം നടക്കുക. അതിനേക്കാൾ മികച്ച മറ്റൊരു മനോഹരവൃത്തിയുമില്ല. നിങ്ങളുടെ പാഠശാലകളിൽ ഞങ്ങൾക്ക് നിങ്ങൾ പല തൊഴിലവസരങ്ങളും ഒരുക്കിത്തരുന്നുണ്ട്.”

“നീയാണ് ഞങ്ങളെ സ്വർഗത്തിൽ നിന്ന് പുറത്താക്കിയത്.”

“ദൈവത്തിന്റെ കരുണയിൽനിന്ന് നിങ്ങൾ ഇബ്‌ലീസിനെയും പുറത്താക്കി. ദൈവത്തിന്റെ കരുണാർദ്രതയെ അപേക്ഷിച്ച് സ്വർഗത്തിന് എന്ത് മൂല്യമാണുള്ളത്?”

“ചോദ്യം ചോദിച്ചു നിന്നെ വല്ലാതെ ശല്യപ്പെടുത്തിയോ? നിനക്ക് മടുത്തെന്നാണ് തോന്നുന്നത്. പോകാനൊരുങ്ങുകയാണോ? ഒന്നും കുടിച്ചില്ലല്ലോ... ധൂമപാനം പോലും..... തീകൊണ്ടാണല്ലോ നിന്റെ പടപ്പ്... അപ്പോൾ പുക ഇഷ്ടമായിരിക്കണമല്ലോ...” – ഞാൻ സംസാരം അവസാനിപ്പിച്ചു. ■

**വിവ: വി.എ.കെ**

(അവസാനിച്ചു)

* അബ്ബാസി കാലഘട്ടത്തിൽ അപഥസഞ്ചാരിയായി ജീവിച്ച അറബി കവി. മദ്യവും മദിരാക്ഷിമാരുമാണ് മുഖ്യകാവ്യപ്രമേയം – വിവ.